"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ ചേലാമറ്റം വില്ലേജിൽ ടൗൺ ബ്ലോക്ക് 11 - ൽ റീ സർവ്വെ 1 - ൽ പ്പെട്ട 30 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് വ്യവസായിക പാർക്ക് സ്ഥാപിക്കുന്നതിനായി പതിച്ചു നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.184/2025/RD തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:- 1. 20/03/2025 ലെ സ.ഉ (കൈ) നം.83/2025/ആർ.ഡി.

2. കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ 21/03/2025-ല KIN/IV-26/2024-25/3227. നം. കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, ചേലാമറ്റം വില്ലേജിൽ, ടൗൺ ബ്ലോക്ക് 11 - ൽ, റീ സർവ്വെ 1 - ൽ പ്പെട്ടതും ട്രാവൻകൂർ റയോൺസിന് മുൻപ് പാട്ടത്തിന് നൽകിയിരുന്നതുമായ 30 ഏക്കർ ഭൂമി, ഫെയർ വാല്യൂ പ്രകാരമുള്ള വിലയായ ആർ ഒന്നിന് 5,28,000/- രൂപ നിരക്കിൽ ആകെ 64.13 കോടി രൂപ ഈടാക്കി കൊണ്ട് വ്യാവസായിക പാർക്ക് സ്ഥാപിയ്ക്കുന്നതിന് കിൻഫ്രയ്ക്ക് പതിച്ചു നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) എന്നാൽ, ഭൂമി വിലയായി നിശ്ചയിച്ചിരിയ്ക്കുന്ന ഫെയർവാല്യൂ ഉൾപ്പെടെയുള്ള തുക നൽകി കൊണ്ട് വ്യാവസായിക പാർക്ക് ആരംഭിയ്ക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ, കിൻഫ്രയ്ക്ക് പതിച്ചു നൽകാൻ ഉത്തരവായ ഭൂമിയ്ക്ക് 12.28 കോടി രൂപയായി വില നിശ്ചയിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (2) പ്രകാരം കിൻഫ്ര മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കിൻഫ്ര എന്ന സ്ഥാപനം ലാഭവും

നഷ്ടവുമില്ലാതെ സർക്കാർ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാനമേഖലയിൽ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് എന്നതിനാലും, വാണിജ്യപരമായ തലത്തിൽ മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്ഥാപനമല്ലാത്തതിനാലും, എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, ചേലാമറ്റം വില്ലേജിൽ, ടൗൺ ബ്ലോക്ക് 11 - ൽ, റീ സർവ്വെ 1 - ൽപ്പെട്ടതും, ട്രാവൻകൂർ റയോൺസിന് മുൻപ് പാട്ടത്തിന് നൽകിയിരുന്നതുമായ 30 ഏക്കർ ഭൂമി ഫെയർവാല്യൂ പ്രകാരമുള്ള വിലയായ 64.13 കോടി രൂപ ഈടാക്കി കിൻഫ്രയ്ക്ക് വ്യാവസായിക പാർക്ക് സ്ഥാപിയ്ക്കുന്നതിന് പതിച്ചു നൽകാൻ തീരുമാനിച്ചിരുന്ന ഭൂമിയുടെ വില, പൊതു താല്പര്യാർത്ഥം 12.28 കോടി രൂപയായി പുതുക്കി നിശ്ചയിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

4) എറണാകുളം, ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ കിൻഫ്ര, കിൻഫ്ര ഹൗസ്, 31/2312, ശാസ്തമംഗലം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ആഡിറ്റ്),കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, എറണാകുളം.

ധനകാര്യ (പി.യു) വകുപ്പ് (റഫ. നം.2990372/പി.യു-ഡി3/132/2024-ഫിൻ. തീയതി 21/05/2025).

വ്യവസായ (ജി) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3049. തീയതി 18/06/2025).

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ (റവ- എ3/210/2021/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 21-06-2025 10:57:06

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്